**കേരള സരക്കാര**

**തദ്ദേശസ്വയംഭരണ വകുപ്പ്, പ്ലാനിംഗ് നഗരാസൂത്രണ കാര്യാലയം,കണ്ണൂർ**

**ജില്ലാ നഗരസൂത്രകന്റെ നടപടിക്രമം**

സൂചന :-തദ്ദേശസ്വയംഭരണ വകുപ്പ്, പ്ലാനിംഗ് നഗരാസൂത്രണ കാര്യാലയം,കണ്ണൂർ-ചപ്പാരപ്പടവ് **ഗ്രാമപഞ്ചായത്ത് പരിധിയിൽ, തിമിരി വില്ലേജിൽ,** റി. സ. നമ്പർ 27/2492,27/2491, 27/ 2597,27/433 **എന്നിവയിൽ പെട്ട 5788.ച.മീ.വിസ്തൃതിയുള്ള സ്ഥലത്ത് 3985.92.ച.മീ. വിസ്തീർണമുള്ള ഗണം ഡി യിൽ ഉൾപ്പെടുന്ന ഒരു ഓഡിറ്റോറിയം കെട്ടിടം നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ.-2019 ചട്ടം 30(C) പ്രകാരം, സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേഔട്ട് അംഗീകാരവും നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്**

പരാമർശം:-1. കെ.പി.ബി.ആർ -2019 ചട്ടം 30(C)

2.ശ്രീ.സുരേശന് **കോളിയാട്ടു വീട്ടിൽ, കോളിയാട്ടു വീട്ടിൽ,പി.ഒ.കരിപ്പാൽ** എന്നവരുടെ അപേക്ഷ

3. 25/02/2020തീയ്യതിയിലെ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ എ3/560/2020 നമ്പർ കത്ത്

**ഉത്തരവ് നമ്പർ TCPKNR/388/2020-സി തീയ്യതി.02/12/2020**

ചപ്പാരപടവ് **ഗ്രാമപഞ്ചായത്ത് പരിധിയിൽ, തിമിരി വില്ലേജിൽ,** റി. സ. നമ്പർ 27/2492,27/2491,27/2597,27/433 **എന്നിവയിൽ പെട്ട 5788.ച.മീ.വിസ്തൃതിയുള്ള സ്ഥലത്ത് 3985.92.ച.മീ. വിസ്തീർണമുള്ള ഗണം ഡി യിൽ ഉൾപ്പെടുന്ന ഒരു ഓഡിറ്റോറിയം കെട്ടിടം നിർമ്മിക്കുന്നതിന്** ശ്രീ. ശ്രീ.സുരേശന് **കോളിയാട്ടു വീട്ടിൽ, "കോളിയാട്ടു വീട്ടിൽ",പി.ഒ.കരിപ്പാൽ** എന്നവർ ക്ക് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ നിയമം 2019ലെ ചട്ടം 30(C) അനുസരിച്ച് താഴെ പറയുന്ന ഉപാധികൾക്ക് വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലെ ഔട്ട് അംഗീകാരവും നൽകി ഉത്തരവാകുന്നു .

**ഉപാധികൾ**

1. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവാശ്യമായ ഏജൻസികളുടെ എൻ.ഒ.സി. / അനുമതിലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ.
2. കെ. പി .ബി.ആർ -2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവേനമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, അപേക്ഷകൻറെ നിർമ്മാണാവകാശം, എന്നിവയും നിർദിഷ്ടസ്ഥലം പുറമ്പോക്ക്ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.പരിസരപ്രദേശത്തെ സ്വാഭാവിക നീരോഴുക്ക് തടസപ്പെടുത്തുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്
3. പാർക്കിംഗ് ആയി കാണിച്ചിട്ടുള്ള സ്ഥലം പാർക്കിംഗ് സാധ്യമാകുന്ന രീതിയിൽ വികസിപ്പിക്കേണ്ടതാണ്.
4. കട്ടിംഗ് ആൻഡ് ഫില്ലിംഗ് ആവശ്യമായതിനാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള എൻ.ഒ.സി. ലഭ്യമാക്കേണ്ടതാണ്.
5. **കെ.പി.ബി.ആർ.ചട്ടം 29 (4)(II) പ്രകാരം ഡ്രൈവ് വേ റാമ്പിന്റെ വീതി നേരെയുള്ള ഭാഗത്തു 5.5 മീ ഉം വളവിൽ 6 മീ ഉം കൊടുത്തിട്ടുണ്ടെന്നു ഉറപ്പുവരുത്തണം.**
6. **ഗ്രൗണ്ട് ഫ്ലോറിൽ മിനി ഡൈനിങ്ങ് റൂമിനോട് ചേർന്ന് കാണുന്ന ശുചീകരണ സൗകര്യങ്ങൾക്കു ആവശ്യാമായ വെന്റിലേഷൻ ഉണ്ടായിരിക്കണം എന്ന് ഉറപ്പു വരുത്തണം.**
7. ഭിന്നശേഷിക്കാർക്കുള്ള പ്രതേക സൗകര്യങ്ങൾ കെ.പി.ബി.ആർ. ചട്ടം 42 പ്രകാരം നടപ്പാക്കിയിട്ടുണ്ടെന്നു ഉറപ്പാക്കണം.

8. ചട്ടം 76.1 പ്രകാരം ആവശ്യമായഭൂഗർഭജലപോഷണ സംവിധാനം, ചട്ടം 77 പ്രകാരംആവശ്യമായ

റൂഫ് ടോപ് സോളാർ എനർജി ഇൻസ്റ്റാളേഷൻ, ചട്ടം 79 പ്രകാരം ആവശ്യമായ മാലിന്യനിർമ്മാർജ്ജന സൗകര്യം, ദ്രവമാലിന്യശുദ്ധീകരണ സംവിധാനം, മലിനജലത്തിന്റെ ശുദ്ധീകരണം വഴിപുനരുപയോഗത്തിനുള്ള സംവിധാനം എന്നിവ സജ്ജമാക്കണം.

9. കെ. പി.ബി.ആർ.-2019ചട്ടം 76.3 പ്രകാരം 450 ച.മീ. സ്ഥലവിസ്തീർണ്ണത്തിന് ഒരു മരം എന്നതോതിൽ ആകെ 13 മരങ്ങൾ (നിലവിലുള്ളത് ഉൾപ്പെടെ) നിർമ്മാണം പൂർത്തീകരിച്ച് ഒക്കുപേൻസി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ നട്ടു വളർത്തേണ്ടതാണ്. ആയത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

10. നിർമ്മാണം കെ. പി .ബി. ആർ -2019നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം

എ ൽ 14/2020.എ. പ്രകാരം ജില്ലാ നഗരാസൂത്രക ൻ അംഗീകരിച്ച ഒരു കൂട്ടം കെട്ടിട വിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഇത് നിർമ്മാണത്തിനുള്ള അനുമതി പത്രമല്ല ആയതു ഗ്രാമ പഞ്ചായത്തി ൽ നിന്നും

നിയമാനുസൃതം ലഭ്യമാക്കിയിരിക്കേണ്ടതാണ്.

08/05/2020 തീയ്യതിയിലെ ഇതേ നമ്പർ ഉത്തരവ് റദ്ദ് ചെയ്യുന്നു.

Signature Not Verified
Digitally signed by Ranjith K V
Date: 2020.12.02 15:53:23 IST
Reason: Approved

ടൌൺ പ്ലാനർ .കണ്ണൂർ

പകർപ്പ് :- സെക്രട്ടറി.ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത്